പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4030 — 21.10.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റുകളിൽ പ്രവർത്തിക്കുന്ന കാന്റീനുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.എസ്.ശബരീനാഥൻ | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |
| (എ) | കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിൽ പ്രവർത്തിക്കുന്ന കാന്റീനുകളിൽ നൽകുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ; | (എ) | ഓരോ യൂണിറ്റിലേയും ക്യാന്റീനുകളിൽ നൽകുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം അതാത് യൂണിറ്റധികാരികൾ പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്. കൂടാതെ, സർക്കാർ വകുപ്പുകളുടെ പരിശോധനയും നടക്കാറുണ്ട്. |
| (ബി) | പ്രസ്തുത കാന്റീനുകളിൽ അമിത വില ഈടാക്കുന്നതായും ഗുണനിലവാരം ഇല്ലാത്ത ഭക്ഷണം നൽകുന്നതായും പരാതി ലഭിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | സംസ്ഥാനത്ത് മുഴുവൻ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റുകളിലും കാന്റീൻ നടത്തുന്നതിനുള്ള അവകാശം ഇന്ത്യൻ കോഫി ഹൗസിന്റെ നിലവാരം പുലർത്തുന്ന സ്ഥാപനങ്ങൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി.യുടെ ബസ് സ്റ്റേഷനുകളിൽ സ്ഥല ലഭ്യതയുടെ അടിസ്ഥാനത്തിൽ, ഇന്ത്യൻ കോഫീ ഹൗസിന്റെ ഔട്ട്ലെറ്റുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>തിരുവനന്തപുരം, അങ്കമാലി എന്നിവിടങ്ങളിൽ ഇൻഡ്യൻ കോഫി ഹൗസിന്റെ ഔട്ട്ലെറ്റുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ